ആലപ്പുഴ	..	87
കോട്ടയം	..	150
ഇടുക്കി	..	84
എറണാകുളം	..	152
തൃശൂർ	..	ബാധകമല്ല
മലപ്പുറം	..	220
പാലക്കാട്	..	194
കോഴിക്കോട്	..	225
വയനാട്	..	63
കണ്ണൂർ	..	180
കാസറഗോഡ്	..	ബാധകമല്ല

(സി) പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലായി ആകെ 262 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

പത്തനംതിട്ട	..	2
ആലപ്പുഴ	..	73
കോട്ടയം	..	19
എറണാകുളം	..	60
മലപ്പുറം	..	26
പാലക്കാട്	..	40
കാസറഗോഡ്	..	42

(ഡി) ഒഴിവുള്ള തസ്തികകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ഉടുമ്പൻചോല താലൂക്കിലെ കൃഷിനാശവും കുടിവെള്ളക്ഷാമവും

11 [1299] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്കിൽ വരൾച്ചയെത്തുടർന്ന് ഉണ്ടായ കൃഷിനാശവും കുടിവെള്ളക്ഷാമവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കൃഷിനാശം മൂലം എന്ത് തുകയുടെ നഷ്ടമാണ് ഉണ്ടായതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എന്ത് തുക എന്ന് വെളിപ്പെടുത്തുമോ;

(ഡി) കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിക്കുവാൻ വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ നിന്നും തുക അനുവദിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉടുമ്പൻചോല താലൂക്കിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പ് സമർപ്പിച്ച നിർദ്ദേശം പരിശോധിച്ചുവരുകയാണ്. കൂടാതെ ഗ്രാമപഞ്ചായത്തുകളോട് നിർമ്മിക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലയിലെ വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടത്തുന്നതിനും പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും ഗ്രൗണ്ട് വാട്ടർ, അഗ്രികൾച്ചർ, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളെ യോജിപ്പിച്ച് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് കൺവീനറായി "വരൾച്ചാ മോണിറ്ററിംഗ് സെല്ലിന്റെ" പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഏകദേശം 9,30,94,000 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ഡി) പുതിയ കുഴൽകിണറുകൾ നിർമ്മാണത്തിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

ഇടുക്കി ജില്ലയ്ക്ക് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

12 [1300] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇടുക്കി ജില്ലയ്ക്ക് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് തുക വീതമാണ് ഓരോ വർഷവും അനുവദിച്ചിട്ടുള്ളതെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം വർക്കുകൾക്കാണ് തുക അനുവദിച്ചതെന്നും ഏതെല്ലാം ഉത്തരവുകൾ വഴിയാണ് ഇത് അനുവദിച്ചതെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly